# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2476 01.04.2013-ൽ മറുപടി നൽ കേണ്ടിയിരുന്നത്**

## ശുദ്ധജലവിതരണത്തിന് കുറഞ്ഞനിരക്കിൽ വൈദ്യുതി നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റി ശുദ്ധജലവിതരണത്തിനായി ഉപയോഗിക്കുന്ന വൈദ്യുതിക്ക് മറ്റു സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി വ്യാവസായിക നിരക്കിലാണ് കെ.എസ്.ഇ.ബി. ചാർജ്ജ് ഈടാക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ബി) ശുദ്ധജലവിതരണത്തിനുള്ള വൈദ്യുതി കുറഞ്ഞനിരക്കിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; അതിലേക്കായി വകുപ്പുതല ചർച്ച നടത്താൻ തയ്യാറാകുമോ; വിശദമാക്കുമോ; | (എ) & (ബി) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുള്ള വൈദ്യുത താരിഫ് പുനർ നിർണ്ണയിച്ച് ലഭിക്കുന്നതിനായി ഒരു നിവേദനം, ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ, 04/06/2012-ൽ തിരുവനന്തപുരത്ത് കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് നടത്തിയ പബ്ലിക് അദാലത്തിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) കേരള വാട്ടർ അതോറിറ്റി തികച്ചും സൗജന്യമായി നടത്തുന്ന മലിന ജല നിർമ്മാർജ്ജന പദ്ധതികൾക്കുള്ള വൈദ്യുതി സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (സി) മലിനജല നിർമ്മാർജ്ജന പദ്ധതികൾക്കുള്ള വൈദ്യുതി സൗജന്യമായി ലഭ്യമാക്കുവാൻ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനോട് അപേക്ഷിച്ചപ്പോൾ ഇക്കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലായെന്ന് കമ്മീഷൻ അറിയിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ